(ബി) ഈ പദ്ധതിയിലേക്ക് മാച്ചിംഗ് ഗ്രാന്റ് ആയി 1-3-2015 വരെ എത്ര രൂപ സർക്കാർ ഒടുക്കിയിട്ടുണ്ട്; വിശദവിവരം നൽകാമോ ?

ഉത്തരം

(എ) ഈ സർക്കാർ വന്ന ശേഷം പുതിയതായി പി.എസ്.സി. മുഖേന നിയമിതരായ ജീവനക്കാരിൽ 7-1-2013- തീയതിയിലെ സ.ഉ. (പി) നമ്പർ 20/2013/ധന ഉത്തരവിന്റെ പരിധിയിൽപ്പെടുന്ന എല്ലാവരെയും എൻ.പി.എസ്.-ൽ അംഗങ്ങളാക്കി ചേർത്തുവരുന്നു. 05/2015-ലെ ശമ്പള ബില്ലുകളിലെ കണക്കനുസരിച്ച് 22,811 ജീവനക്കാർ അംഗങ്ങളായി ഉണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ പദ്ധതിയിലേയ്ക്ക് മാച്ചിംഗ് ഗ്രാന്റ് ആയി 28-2-2015 വരെ 18.18 കോടി രൂപ സർക്കാർ ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട്

64 (T 5869) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. വി. വിജയദാസ്:
പ്രൊഫ. സി. രവീന്ദ്രനാഥ്:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള പരിശോധന ആരംഭിച്ചിട്ടുണ്ടോ; നീതിപൂർവ്വമല്ലാത്തതായി സർക്കാർ കരുതുന്ന ശിപാർശകൾ ഏതൊക്കെയാണ്;

(ബി) സംസ്ഥാനത്ത് അനുവർത്തിച്ചുവരുന്ന ഏതെല്ലാം നിലപാടുകളിലാണ് കമ്മീഷൻ അടിസ്ഥാനപരമായ മാറ്റം ശിപാർശ ചെയ്തിട്ടുള്ളത്;

(സി) ശമ്പള പരിഷ്കരണത്തിന്റെ അഞ്ചുവർഷ തത്വം മാറ്റുന്നനിലയിൽ കമ്മീഷൻ ശിപാർശ നൽകിയിട്ടുണ്ടോ;

(ഡി) ലീവ് സറണ്ടർ സംബന്ധിച്ച് നിർദ്ദേശിച്ച മാറ്റം എന്താണ്;

(ഇ) അടിസ്ഥാനപരമായ മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള എല്ലാ ശിപാർശകളിലും സർക്കാരിന്റെ നിലപാട് അറിയിക്കുമോ;

(എഫ്) രണ്ടാംഘട്ട റിപ്പോർട്ട് ലഭിച്ചതിനുശേഷമാണോ ശമ്പള പരിഷ്കരണം നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) രണ്ടാഘട്ട റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷന് കാലപരിധി നിശ്ചയിച്ചു കൊടുത്തിട്ടുണ്ടോ ; കമ്മീഷന്റെ പ്രവർത്തനത്തിൽ കാലതാമസമുണ്ടായതിനെത്തുടർന്ന് അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സംഘടനകളുടെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു എന്നറിയിക്കുമോ ?

ഉത്തരം

(എ) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സർക്കാർതലത്തിൽ പരിശോധിച്ചു വരുന്നുണ്ട്.

(ബി-ഡി) കമ്മീഷന്റെ ശുപാർശകൾ ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സർക്കാർതലത്തിൽ പരിശോധിച്ചു വരുന്നുണ്ട്.

(എഫ്) ഈ വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ജി) രണ്ടാംഘട്ട റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷന് 30-11-2015-വരെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. 23-7-2015 മുതൽ അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ഏതാനും ചില സംഘടനകളുടെ ആവശ്യങ്ങൾ താഴെപ്പറയുന്നവയായിരുന്നു :

1. അഞ്ചുവർഷ തത്വം ഉറപ്പാക്കി 1-7-2014 മുതൽ ശമ്പളപരിഷ്കരണം നടപ്പിലാക്കുക ; 30% ശമ്പളവർദ്ധന അനുവദിക്കുക.
2. പങ്കാളിത്തപെൻഷൻ പദ്ധതി ഉപേക്ഷിക്കുക.
3. തസ്തിക വെട്ടിക്കുറയ്ക്കുന്ന തീരുമാനം പിൻവലിക്കുക, തസ്തികകൾക്ക് തുടർച്ചാനുമതി നൽകുക.
4. അധ്യാപകരുടെ ജോലിസ്ഥിരത ഉറപ്പാക്കുക, അധ്യാപക-വിദ്യാർത്ഥി അനുപാതം പുനഃക്രമീകരിക്കുക.
5. പെൻഷൻ പ്രായത്തിലെ വിവേചനം അവസാനിപ്പിക്കുക.
6. സമഗ്ര ആരോഗ്യചികിത്സാപദ്ധതി നടപ്പിലാക്കുക. എന്നാൽ പണിമുടക്കം യാഥാർത്ഥ്യമായില്ല.

LIBRARY ARCHIVES Kerala Legislative Assembly